**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2301** **16-03-2022 - ൽ മറുപടിയ്ക്ക്**

**തൊഴിലുറപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | 2022-23 ലെ കേന്ദ്ര ബജറ്റിൽ തൊഴിലുറപ്പ് പദ്ധതിക്കായി എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | 2022-23 സാമ്പത്തിക വർഷത്തിൽ 73,000 കോടി രൂപയാണ് തൊഴിലുറപ്പ് പദ്ധതിക്കായി കേന്ദ്ര ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ളത്. |
| (ബി) | 2021-22 ൽ എത്ര കോടി രൂപയായിരുന്നു പുതുക്കിയ ബജറ്റ് വിഹിതം ഉൾപ്പെടെ അനുവദിച്ചിരുന്നത് എന്ന് അറിയിക്കാമോ; | (ബി) | 2021-22 വർഷത്തിൽ പുതുക്കിയ ബഡ്ജറ്റ് പ്രകാരം 98000 കോടി രൂപയാണ് അനുവദിച്ചിരുന്നത്. |
| (സി) | നിലവിലുള്ള കേന്ദ്ര ബജറ്റ് വിഹിതത്തിലെ കുറവ് എന്തെല്ലാം പ്രതിസന്ധികളാണ് സംസ്ഥാനത്തെ തൊഴിലുറപ്പ് മേഖലയിൽ സൃഷ്ടിക്കുക എന്ന് വെളിപ്പെടുത്താമോ? | (സി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കേന്ദ്രവിഹിതത്തിൽ വരുന്ന കുറവ് സംസ്ഥാനത്തിന്റെ ലേബർ ബജറ്റിനെയും പ്രതികൂലമായി ബാധിക്കും. കൂടാതെ അവിദഗ്ധ തൊഴിലാളികൾക്ക് ലഭിക്കേണ്ട വേതനം വൈകുന്നതിനും കാരണം ആയേക്കാം. പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ സാധന ഘടകം വിതരണം ചെയ്യുന്ന വെണ്ടർമാർക്കുള്ള തുകയും, വിദഗ്ധ/അർദ്ധവിദഗ്ധ തൊഴിലാളികൾക്കുള്ള വേതനവും വലിയ തോതിൽ വൈകുന്നതിനും കാരണമാകും. പദ്ധതിയിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് കൃത്യസമയത്ത് വേതനം നൽകുന്നതിനും ഇത് പ്രതിസന്ധി സൃഷ്ടിച്ചേക്കാം. |

സെക്ഷൻ ഓഫീസർ